VADAKKEKKAD

LITTLE KITES

# HSS THIRUVALAYANNUR NEWS

DECEMBER 2025




## തിരുവളയന്നൂർ സ്കൂൾ ശിശുദിനം ആഘോഷിച്ചു



കല്ലൂർ :തിരുവളയന്നൂർ സ്കൂളിൽ ശിശുദിനം ആഘോഷിച്ചു. കുട്ടികളുടെ കലാപ്രകടനങ്ങൾ, വേഷധാരണങ്ങൾ എന്നിവയിൽ നിറഞ്ഞു നിന്ന പരിപാടി ശിശുദിനത്തിന്റെ സാരാർഥം കുട്ടികളുടെ മനസുകളിൽ പകർത്തി.എൽ.പി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ അധ്യാപകരും രക്ഷിതാക്കളും പങ്കുചേർന്നു. ചാച്ചാജിയുടെ ശിശുദിന സന്ദേശം ഓർമ്മിപ്പിച്ചുകൊണ്ട് അധ്യാപകർ കുട്ടികളുടെ സ്വപ്നങ്ങളെയും കഴിവുകളെയും പിന്തുണയ്ക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.

## കുട്ടിക്കളിയുടെ നന്മപകർച്ച: Little Kites കളിപ്പാട്ട വിതരണത്തിൽ





ശിശുദിനാഘോഷത്തിന്റെ ഭാഗമായി Little Kites വിദ്യാർത്ഥികൾ സ്നേഹത്തോടെ ശേഖരിച്ച കളിപ്പാട്ടങ്ങൾ കെ.ജി. കുരുന്നുകൾക്ക് കൈമാറി. ചെറുകുട്ടികളുടെ മുഖത്ത് സന്തോഷത്തിന്റെ തിളക്കം പരത്തിയ ഈ നന്മനിമിഷം ആഘോഷത്തിന് പ്രത്യേക മാധുര്യം നൽകി.



ദ്വിതീയ സോപാൻ Test ന് പങ്കെടുത്ത ഗൈഡ്സ് വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിച്ച വൃക്ഷ തൈ HM ജിഷ ടീച്ചറിൽ നിന്നും ഏറ്റുവാങ്ങുന്നു.

## അറബിക് മോണോആക്ട് സംസ്ഥാനത്തേക്ക്



റവന്യൂ ജില്ലാതല അറബിക് മോണോ ആക്റ്റ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിസ്വ ഷെരീഫ് ഒന്നാം സ്ഥാനം നേടി സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടി. ജനുവരിയിൽ നടക്കുന്ന സംസ്ഥാന യുവജനോത്സവത്തിൽ തിരുവളയന്നൂരിനെ പ്രതിനിധീകരിക്കുന്ന ഏക വിദ്യാർത്ഥിയാകും നിസ്വ ഷെരീഫ്. അസാമാന്യമായ അവതരണശൈലിയും ആത്മവിശ്വാസവുമാണ് നിസ്വയ്ക്ക് ഈ വലിയ നേട്ടം സമ്മാനിച്ചതെന്നു ഗുരുവും അറബിക് അധ്യാപകനുമായ മുനീർ മാസ്റ്റർ അഭിപ്രായപ്പെട്ടു.

## ഹരിതസഭ ഉദ്ഘാടനം

വിദ്യാർത്ഥികളുടെ ഹരിതചിന്ത, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി സൗഹൃദ പദ്ധതികൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഹരിതസഭ ശ്രദ്ധേയമായി.



തൃശ്ശൂർ റവന്യൂ ജില്ല കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം അറബിക് മോണോ ആക്ട് ഒന്നാം സ്ഥാനം ലഭിച്ച തിരുവളയന്നൂർ ഹയർസെക്കൻഡറി സ്കൂളിലെ
നിസ്വ ഷരീഫ് പ്രധാനാധ്യാപിക ജിഷ ടീച്ചറിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു.

## റവന്യു ജില്ലാ തലത്തിൽ വിജയികളായവർ



അറബി നാടകം



ശങ്കരനാഥൻ
സംസ്കൃത പദ്യം



ABHIRAM V NAMBOOTHIRI
PATHAKAM

HINDI SPEECH (UP)



ANASH

സംസ്കൃതസമസ്യ പൂരണം (UP)



VAIGA VINOD
A Grade

ഹിന്ദി പദ്യംചൊല്ലൽ(UP)



ANN CATHERIN BABU
2nd A Grade



അർഷാദ് വി
അറബി കഥാപ്രസംഗം
(HS)



മുഹമ്മദ് തഹീം
ഉർദു ഉപന്യാസം



റൂഫൈദ സാറ
ഉറുദു കവിതാരചന



മുഹമ്മദ് മുസ്തഫ
അറബി പദ്യം
H S അറബിക്

ഉറുദു കവിത രചന(UP)



K B MEHARIN
A Grade



അഭിനയന
ഉറുദു പദ്യം